കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കണ്ണമംഗലം ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2018-19

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.14/2557/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി. 14-11-2019

ഡെപ്യൂട്ടി ഡയറക്ടർ
മലപ്പുറം

പ്രസിഡന്റ് / സെക്രട്ടറി മുഖേന

കണ്ണമംഗലം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കണ്ണമംഗലം ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷ ഓഡിറ്റ് റിപ്പോർട്ട്-സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **കണ്ണമംഗലം ഗ്രാമപഞ്ചായത്തിന്റെ 2018-19** സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23 (1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി http://aims.ksad.kerala.gov.in/esubmission അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1),(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ,

മലപ്പുറം

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3)പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം.
4)കാര്യാലയ പകർപ്പ്.

കെ.എസ്.എ.എം.പി.എം.14/2557/2019 തിയ്യതി 14-11-2019

## മലപ്പുറം ജില്ലയിലെ കണ്ണമംഗലം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് 34രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്:)*

മലപ്പുറം ജില്ലയിലെ കണ്ണമംഗലം ഗ്രാമപഞ്ചായത്തിന്റെ **2018-19** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 25.01.2019 മുതൽ 16.10.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**ഓഡിറ്റ് നടത്തിയതിന്റെ വിവരം**

---------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : അജിത് ആർ, ഡെപ്യൂട്ടി ഡയറക്ടർ

-------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 17.10.2019 മുതൽ 28.10.2019 വരെ.

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ**

| | |
|---|---|
| ശ്രീ. ഉണ്ണി പി | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീമതി സൽമത്ത് ടി പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. മുഹമ്മദ് സിയാദ് പി പി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി. ജിഷ കെ | സീനിയർ ഗ്രേഡ് ഓഡിറ്റർ |

**ബി ) നിർവഹണാധികാരികൾ**

**ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്**

| | |
|---|---|

| | |
|---|---|
| ശ്രീമതി സരോജിനി കെ പി | 01.04.2018 മുതൽ 31.03.2019 വരെ |

**ഗ്രാമ പഞ്ചായത്ത് സെക്രട്ടറി**

| | |
|---|---|
| ശ്രീ. പ്രഭാകരൻ പരി | 01.04.2018 മുതൽ 03.07.2018 വരെ |
| ശ്രീമതി .വിജയ സി എൽ (സെക്രട്ടറി ഇൻ ചാർജ്) | 04.07.2018 മുതൽ 08.07.2018 വരെ |
| ശ്രീമതി.മേരി ചെറിയാൻ (സെക്രട്ടറി ഇൻ ചാർജ്) | 09.07.2018 മുതൽ 15.07.2018 വരെ |
| ശ്രീ. അബു ഫൈസൽ കെ | 16.07.2018 മുതൽ 12.03.2019 വരെ |
| ശ്രീമതി .വിജയ സി എൽ (സെക്രട്ടറി ഇൻ ചാർജ്) | 13.03.2019 മുതൽ 31.03.2019 വരെ |

**നിർവഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേർ | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി .വിജയ സി.എൽ | 01.04.2018 മുതൽ 07.09.2018 വരെ |
| | ശ്രീമതി.മേരി ചെറിയാൻ | 08.09.2018 മുതൽ 01.10.2018 വരെ |
| | ശ്രീമതി .വിജയ സി.എൽ | 02.10.2018 മുതൽ 16.02.2019 വരെ |
| | ശ്രീമതി.മേരി ചെറിയാൻ | 17.02.2019 മുതൽ 26.02.2019 വരെ |
| | ശ്രീമതി .വിജയ സി.എൽ | 27.02.2019 മുതൽ 12.03.2019 വരെ |
| | ശ്രീമതി.മേരി ചെറിയാൻ | 13.03.2019 മുതൽ 24.03.2019 വരെ |
| | ശ്രീമതി .വിജയ സി.എൽ | 25.03.2019 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ദിവ്യ | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ സൈതലവി. പി | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി സുമ | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീ ജംഷീദ് കെ | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ | ശ്രീ വേലായുധൻ സി | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്റനറി സർജൻ | ഡോ. സാജിത പി എം | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.മൊയ്തീൻ | 1.04.2018 മുതൽ 09.07.2018 വരെ |
| | ഡോ.ജിഷ നഹാർ മുസ്തഫ | 10.07.2018 മുതൽ 26.01.2019 വരെ |
| | ഡോ.മൊയ്തീൻ | 27.01.2019 മുതൽ 08.02.2019 വരെ |
| | ഡോ.ജിഷ നഹാർ മുസ്തഫ | 09.02.2019 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എൻജിനിയർ | ശ്രീമതി അർഷ നാഥ് | 01.04.2018 മുതൽ 21.06.2018 വരെ |
| | ശ്രീ അനീസ് സി | 22.06.2018 മുതൽ 31.07.2018 വരെ |
| | | |

| | | |
|---|---|---|
| | ശ്രീ ശുഹൈബ് | 01.08.2018 മുതൽ 24.01.2019 വരെ |
| | ശ്രീ. മഹേഷ് മോഹൻ | 25.01.2019 മുതൽ 06.03.2019 വരെ |
| | ശ്രീ സുരേഷ് ബാബു ടി കെ | 07.03.2019 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം I<br>ഓഡിറ്റ് റിപ്പോർട്ട് | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം. | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാനുവൽ പാർട്ട് 1 അനുബന്ധം ബി) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 1-11 |
| 12 | വരവ് തുകകളുടെ കൃത്യത സംബന്ധിച്ച് | 1-12 |
| 13 | ഡി ആന്റ് ഒ /ഫാക്ടറീസ് ലൈസൻസ് അനുവദിക്കുന്നതിലും പുതുക്കുന്നതിലുമുള്ള അപാകതകൾ | 1-13 |
| 14 | റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല | 1-14 |
| 15 | മൊബൈൽ ടവറുകൾ അനുമതി ഇല്ലാതെ പ്രവർത്തിക്കുന്നു | 1-15 |
| 16 | പാരാമെഡിക്കൽ സ്ഥാപനം രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു. | 1-16 |
| 17 | വാടക- പൊതു അപാകതകൾ | 1-17 |
| 18 | മുൻകൂർ തുകകൾ ക്രമീകരിച്ചിട്ടില്ല. | 1-18 |
| 19 | ഐ കെ എം വിഹിതം: വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. | 1-19 |
| 20 | എസ് എസ് എ - വിനിയോഗ സാക്ഷ്യപത്രം ഹാജറാക്കിയില്ല. | 1-20 |
| 21 | തുല്യതാ പരീക്ഷ: കേരള സംസ്ഥാന സാക്ഷരതാ മിഷന് തുക അടവാക്കിയത്- കൈപ്പറ്റ് രശീതി, വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല | 1-21 |
| 22 | മുൻകൂർ തുക നൽകിയിട്ടും മരുന്നു ലഭ്യമായില്ല | 1-22 |
| 23 | വാട്ടർ അതോറിറ്റിയിൽ നിന്നും റോഡ് റിസ്റ്റോറേഷൻ ചാർജ് ഈടാക്കാത്തത് | 1-23 |

| | | |
|---|---|---|
| 24 | വാർഷിക പദ്ധതി രൂപീകരണത്തിൽ നിയമപരമായ മുഴുവൻ നടപടിക്രമങ്ങളും പാലിക്കണം | 1-24 |
| 25 | പൊതുമാരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലെ അപാകതകൾ | 1-25 |
| 26 | ശമ്പള വർദ്ധനവിനാനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയിട്ടില്ല | 1-26 |
| ഭാഗം II<br>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 27 | ഇല്ല | |
| ഭാഗം III<br>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 28 | ഇല്ല | |
| ഭാഗം IV<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 29 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 30 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 31 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 32 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 33 | വായ്പ /വായ്പ തിരിച്ചടവ് | 4-5 |
| 34 | സ്ഥിര നിക്ഷേപം | 4-6 |
| 35 | ഓഡിറ്റ് റിക്കവറി | 4-7 |
| 36 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 37 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-9 |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 39 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 39 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1 |
| 40 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് | 2 |
| 41 | റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് | 3 |
| 42 | ബാലൻസ് ഷീറ്റ് | 4 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

27.03.2018 തീയതിയിലെ 1ാം- നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ്

15.02.2019 തീയതിയിലെ 1ാം- നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

# 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 10.04.2019 | - | - |

# 1-3 സാമ്പത്തിക വിശകലനം

| ഇനം | 2018-19 |
|---|---|
| മുന്നിരിപ്പ് | 12523415.95 |
| വരവ് | 94805997 |
| ആകെ | 107329412.95 |
| ചെലവ് | 67501878 |
| നീക്കിയിരിപ്പ് | 39827534.95 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 18819000 | 18819000 | 18819000 | 00 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 9065000 | 9065000 | 9065000 | 00 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 402000 | 402000 | 247137 | 154863 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 8004000 | 8004000 | 5390035 | 2613965 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 3948000 | 3948000 | 3844148 | 103852 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 8736000 | 8736000 | 5963248 | 2772752 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| ദുരിതാശ്വാസനിധി | | 116493 | 9700 | 12693 | 53000 | 73193 |
| ആശ്രയ | | 497909 | 20918 | 518827 | 590 | 518237 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 12584052 | 12584052 | 12584052 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1063 | 269014 | 270077 | 268363 | 1714 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഐ സി ഡി എസ്) | | 1087062 | 1120725 | 2207787 | 1450000 | 757787 |

| | | | | | | |
|---|---|---|---|---|---|---|
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 1476200 | 1476200 | 1226200 | 250000 |
| | ജില്ലാ പഞ്ചായത്ത് | 0 | 594406 | 594406 | 594406 | 0 |
| എസ് എസ് എ | | 520000 | 0 | 520000 | 00 | 520000 |
| ടി എസ് സി | | 2258242 | 31457 | 2289699 | 0 | 2289699 |
| ബി ഫണ്ട് | | 0 | 51547320 | 51547320 | 51547320 | 0 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 206 | 85003808 | 120 | 53244670 | 11 | 75 | 58.25 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല.

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1063 | 269014 | 270077 | 268363 | 1714 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 12584052 | 12584052 | 12584052 | 0 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 85320 | 39 |
| കർഷകതൊഴിലാളി പെൻഷൻ | 2436000 | 608 |
| വിധവാപെൻഷൻ | 16450000 | 3830 |
| വാർദ്ധക്യകാലപെൻഷൻ | 26594800 | 5492 |
| വികലാംഗപെൻഷൻ | 5323200 | 1208 |

| | | |
|---|---|---|
| വിവാഹ ധന സഹായം | 210000 | 7 |
| 50 വയസ്സിന മുകളിൽ പ്രായമായ അവിവാഹിതരായ സ്ത്രീകൾക്കുള്ള ധന സഹായം | 378400(Bt in Sevana it is 224400) | 51 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.10.2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 54813/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

തുടർന്നുള്ള ഖണ്ഡികകളിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.06.2019 മുതൽ 31.05.2019 വരെ | 01.05.2019 മുതൽ 31.05.2019 വരെ | 22.06.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.08.2017 മുതൽ 29.08.2017 വരെ | 2012-2013 മുതൽ 2015-2016 വരെ | 10.10.2017 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

2018-19സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. ബാലൻസ് ഷീറ്റിലെ Schedule B-7-ലെ Supplier's EMD എന്ന ഹെഡിലുള്ള 119953/- രൂപയിൽ 57203/- രൂപ മൂന്നു വർഷത്തിലധികം കാലമായിട്ടുള്ളതാണ്. ഈ തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടിയിട്ടില്ല.

2. ബാലൻസ് ഷീറ്റിലെ Schedule B-4-ൽ ചില ഹെഡുകൾ കാലങ്ങളായി വരവില്ലാതെയും ചെലവില്ലാതെയും തുടരുന്നുണ്ട്. Beneficiary Contributions എന്ന ഹെഡിൽ 1,28,292/- രൂപയും, Grants - NABARD Assistance എന്ന ഹെഡിൽ 15,101/- രൂപയും, Nirmal Puraskar എന്ന ഹെഡിൽ 3,94,000/- രൂപയും നീക്കിയിരിപ്പുണ്ട്. ഈ തുകകൾ അവയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കായി ചെലവഴിക്കാതെ തുടരുകയാണ്.

3. ബാലൻസ് ഷീറ്റിലെ Schedule B-9-ൽ Pension Contributions, NPS എന്നീ ഇനങ്ങളിൽ പ്രൊവിഷൻ വച്ചിട്ടുള്ള തുകകൾ പൂർണ്ണമായും 4/19 ൽ അടവാക്കിയിട്ടില്ല. വിശദ വിവരം താഴെ പറയുന്നു.

| ഇനം | S Schedule B9 പ്രകാരമുള്ള | 03/19-ലേക്ക് അടവാക്കിയ | വ്യത്യാസം |
|---|---|---|---|

| | തുക | തുക | |
|---|---|---|---|
| Pension Contributions | 50602 | 46329 | 4273 |
| NPS | 73760 | 22956 | 50804 |

ഈ ഇനങ്ങളിൽ 03/19ലും മുൻ മാസങ്ങളിലും പിരിച്ചെടുത്ത തുകകൾ പൂർണ്ണമായും അടവാക്കാത്തതിനാലാണ് ഈ വ്യത്യാസം വന്നിട്ടുള്ളത്.

4. ബാലൻസ് ഷീറ്റിലെ Schedule B-18-ൽ Advance to Implementing Officers എന്ന ഹെഡിൽ 61,000/- രൂപ നീക്കിയിരിപ്പുണ്ട്. ഈ തുക പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും അസി. എഞ്ചിനീയർക്ക് മുൻകൂറായി നൽകിയതാണെന്ന് പരിശോധനയിൽ കണ്ടു. മുൻകൂർ നൽകിയ തുക നാളിതുവരെ ക്രമീകരിക്കുകയോ, പലിശ സഹിതം തിരികെ അടവാക്കുകയോ ചെയ്തിട്ടില്ല.

5. ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ 2018-19 വർഷം ആർജിച്ച ആസ്തികൾ ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല.

6. മെഡിക്കൽ ഓഫീസർ (ആയുർവേദം), കൃഷി ഓഫീസർ, വെറ്ററിനറി ഓഫീസർ, ഹെഡ് മാസ്റ്റർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ പഞ്ചായത്തിൽ നിന്നുള്ള വരവുകളുടെ വിവരം രേഖപ്പെടുത്തുന്നതിന് സബ്സിഡിയറി രജിസ്റ്റർ (GO(P) No. 177/2006 Fin. Dt. 12.04.2006 പ്രകാരമുള്ളത്) സൂക്ഷിക്കുന്നില്ല. മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) സൂക്ഷിക്കുന്ന സബ്സിഡിയറി രജിസ്റ്റർ നിർദിഷ്ട മാതൃകയിലുള്ളതല്ല.

7. കേരള ഗ്രാമീൺ ബാങ്കിന്റെ കണ്ണമംഗലം ശാഖയിലുള്ള പഞ്ചായത്തിന്റെ തനത് ഫണ്ട്, NREGA, Total Sanitation എന്നീ അക്കൗണ്ടുകളിൽ നിന്നും ബാങ്ക് ചാർജ്, പാസ് ബുക്ക് ചാർജ് എന്നീ ഇനങ്ങളിൽ തുകകൾ ബാങ്ക് ഈടാക്കിയിട്ടുണ്ട്. പ്രസ്തുത തുകകൾ നാളിതുവരെ റീ-ക്രഡിറ്റ് ആയിട്ടില്ല.

8. 26.09.18-ന് ക്ലോസ് ചെയ്ത SBI തനത് ഫണ്ട് അക്കൗണ്ടിന്റെ, നം.67389797979, ബാങ്ക് ബുക്കിൽ 1,07,330/- രൂപ രണ്ട് തവണ വരവും ചെലവും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പാസ്-ബുക്കിൽ 1,07,330/- രൂപ ഒരു തവണ മാത്രമെ വരവും ചെലവും ഉള്ളു.

9. 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ തുക വിതരണം ചെയ്തത് സേവന പ്രകാരം 224400/- രൂപയും വാർഷിക കണക്ക് പ്രകാരം 378400/- രൂപയുമാണ്. (വ്യത്യാസം 154000/- രൂപ)

# 1-12 വരവു തുകകളുടെ കൃത്യത സംബന്ധിച്ച്

പാസ്സ് ബുക്ക് പ്രകാരം 10.04.2019 ന് 85631/-, 700/- എന്നീ തുകകൾ (കേരള ഗ്രാമീൺ ബാങ്ക് 3613)വരവ് വന്നതായി കാണുന്നു. എന്നാൽ ഡേ ബുക്ക് പ്രകാരം വരവ് ഇല്ല. ടി തുകകൾ ഏതിനത്തിൽ വന്ന തുകകളാണെന്ന് വിശദീകരിക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (02/21.10.2019) ന് വരവ് വന്ന തുകയെ സംബന്ധിച്ച് ബാങ്കിൽ അന്വേഷിച്ചതിൽ വിവരം ലഭ്യമായിട്ടില്ലെന്നും ലഭ്യമാവുന്ന മുറക്ക് അറിയിക്കുന്നനതാണെന്നും മറുപടി നൽകി. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

# 1-13 ഡി ആന്റ് ഒ /ഫാക്ടിയോസ് ലൈസൻസ്

# അനുവദിക്കുന്നതിലും പുതുക്കുന്നതിലുമുള്ള അപാകതകൾ

2018-19 വർഷത്തിലെ ഡി ആന്റ് ഒ/ഫാക്ടിയോസ് അപേക്ഷകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. 1996 ലെ കേരള പഞ്ചായത്ത് രാജ് ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ ചട്ടം 3 ലെ പട്ടിക1 ൽ ക്രമ നമ്പർ 149 ആയി റേഷൻ കടകൾ ലൈസൻസ് എടുക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് പരിധിയിൽ നിലവിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ ഡി ആന്റ് ഒ/ഫാക്ടിയോസ് ലൈസൻസ് എടുത്തതായി കാണുന്നില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻകടകളുടെ വിവരം, അവയ്ക്ക് ഡി ആന്റ് ഒ ലൈസൻസ് എടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം എന്നിവ ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (09/25.10.2019) ലഭ്യമാക്കിയ മറുപടിയിൽ റേഷൻ കടകൾക്ക് കത്ത് നൽകിയിട്ടുണ്ടെന്നും തുടർ നടപടി സ്വീകരിച്ച് തൊഴിൽ നികുതിയും ഫീസും ഈടാക്കുന്നതാണെന്നും അറിയിച്ചു. തൊഴിൽ നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

2. ഡി ആന്റ് ഒ/ഫാക്ടിയോസ് ലൈസൻസ് പുതുക്കുന്നതിന് സമയപരിധി പാലിക്കുന്നില്ല .

1996 ലെ കേരള പഞ്ചായത്ത് രാജ് ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ ചട്ടം 10 പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രദേശത്തുള്ള കച്ചവടസ്ഥാപനങ്ങൾ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് 30 ദിവസം മുൻപായി ഡി ആന്റ് ഒ/ഫാക്ടിയോസ് ലൈസൻസ് പുതുക്കേണ്ടതാണ്. എന്നാൽ 2018-19 വർഷത്തിൽ ലൈസൻസ് പുതുക്കുന്നതിനായി അപേക്ഷിച്ച 154 കച്ചവടസ്ഥാപനങ്ങളിൽ 107 സ്ഥാപനങ്ങളും സമയപരിധി പാലിച്ചിട്ടില്ല. ലൈസൻസ് പുതുക്കാതെ പ്രവർത്തിച്ച സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (09/25.10.2019) സാമ്പത്തിക വർഷം അവസാനിക്കുന്നതിന് 30 ദിവസം മുൻപ് ലൈസൻസ് എടുക്കേണ്ടതാണെന്ന് എല്ലാ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് അറിയിച്ചു. ചട്ട പ്രകാരമുള്ള സമയക്രമം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3. അനുബന്ധ രേഖകളില്ലാതെ ലൈസൻസ് അനുവദിക്കുന്നു.

(i)ഡി ആന്റ് ഒ / ഫാക്ടിയോസ് ലൈസൻസ് അനുവദിക്കുന്നതിന് അപേക്ഷയോടു കൂടെ സമർപ്പിക്കേണ്ട രേഖകളൊന്നും തന്നെ സമർപ്പിക്കാതെയാണ് ചില ലൈസൻസുകൾ നൽകിയിട്ടുള്ളത്. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ലൈസൻസി | സ്ഥാപനം | രജിസ്റ്റർ പ്രകാരം ക്രമ നമ്പർ | ആവശ്യമായ രേഖകൾ |
|---|---|---|---|---|
| 1 | ശ്രീ നിഖിൽ പട്ടർതൊടിയിൽ | വെൽഡിംഗ് ഇൻഡസ്ട്രീസ് | 164 | സ്ഥല നാമ സാക്ഷ്യപത്രം, പ്ലാസ്റ്റിക് നിരോധന സാക്ഷ്യപത്രം, സാനിറ്ററി സർട്ടിഫിക്കറ്റ് |
| 2 | ശ്രീ മുഹമ്മദ് ഫൈസൽ എം കെ | മെറ്റൽ, എം സാന്റ് വില്പന | 163 | സ്ഥല നാമ സാക്ഷ്യപത്രം, പ്ലാസ്റ്റിക് നിരോധന സാക്ഷ്യപത്രം, സാനിറ്ററി സർട്ടിഫിക്കറ്റ് |

| | | | | |
|---|---|---|---|---|
| | | നടത്തുന്നതിനായുള്ള ഓഫീസ് | | |
| 3 | ശ്രീ അഷ്റഫ് എടത്തോള കുരിക്കൾ | മൊബൈൽ ഷോപ്പ് നടത്തുന്നതിന് | 128 | സ്ഥല നാമ സാക്ഷ്യപത്രം, പ്ലാസ്റ്റിക് നിരോധന സാക്ഷ്യപത്രം, സാനിറ്ററി സർട്ടിഫിക്കറ്റ് |
| 4 | ശ്രീ ഇസ്മായിൽ എൻ | ബാഗ് നിർമ്മാണവും സ്റ്റോക്ക് ചെയ്യലും | 147 | സ്ഥല നാമ സാക്ഷ്യപത്രം, പ്ലാസ്റ്റിക് നിരോധന സാക്ഷ്യപത്രം, സാനിറ്ററി സർട്ടിഫിക്കറ്റ് |
| 5 | ശ്രീ ഷാഹുൽ ഹമീദ് ഇ കെ | ഷാഹുൽ ഹമീദ് ക്വാറി, ചെരുപ്പടിമല | 167 | സ്ഫോടക വസ്തുക്കൾ കൈവശം വെക്കുന്നതിനുള്ള LE3 സർട്ടിഫിക്കറ്റ് (as per article 3(a) to (d) of Part 1 of Schedule IV of Explosives Rules 2008) |
| 6 | ശ്രീ ഷഹനാസ് ഇ കെ | ഷഹനാസ് ക്വാറി ആലക്കാട് | 168 | |
| 7 | ശ്രീ കുട്ട്യാലി കണ്ണേത്ത് | സഫ റോക്ക് സാന്റ് | 1 | മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി. മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ Kerala Minerals (Prevention of Illegal Mining, Storage and Transportation) Rules, 2015 Rule 13 പ്രകാരമുള്ള ഫോം ജി Rule 9 പ്രകാരമുള്ള ഫോം ഡി എന്നീ ലൈസൻസുകൾ, സാനിറ്ററി സർട്ടിഫിക്കറ്റ് |
| 8 | ശ്രീ സി കെ അബ്ദുൾ അസീസ് | ചേറൂർ ബ്രിക്സ് ആന്റ് എം സാന്റ് പ്രൈവറ്റ് ലിമിറ്റഡ് | 2 | 02.06.2018 മുതലുള്ള മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ Kerala Minerals (Prevention of Illegal Mining, Storage and Transportation) Rules, 2015 Rule 13 പ്രകാരമുള്ള ഫോം ജി ലൈസൻസ്, സാനിറ്ററി സർട്ടിഫിക്കറ്റ് |
| 9 | ശ്രീ സി കെ അബ്ദുൾ അസീസ് | ഗ്രാന്റ് സ്റ്റോൺസ് & മെറ്റൽസ് പ്രൈ. ലി | 3 | 12.01.2019മുതലുള്ള മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ Kerala Minerals (Prevention of Illegal Mining, Storage and Transportation) Rules, 2015 Rule 13 പ്രകാരമുള്ള ഫോം ജി ലൈസൻസ്, സാനിറ്ററി സർട്ടിഫിക്കറ്റ് |
| 10 | ശ്രീ ഇ കെ ആലിമൊയ്തീൻ | മലബാർ മെഷീൻ മെറ്റൽസ് | 12 | 01.07.2018 മുതലുള്ള മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി. മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ Kerala Minerals (Prevention of Illegal Mining, Storage and Transportation) Rules,2015 Rule 13 പ്രകാരമുള്ള ഫോം ജി Rule 9 പ്രകാരമുള്ള ഫോം ഡി എന്നീ ലൈസൻസുകൾ |
| 11 | ശ്രീ വി മൊയ്തീൻ | വി കെ എം സ്റ്റോൺ ക്രഷർ | 13 | 01.07.2018 മുതലുള്ള മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി. മൈനിംഗ് ആന്റ് |

| | | | | |
|---|---|---|---|---|
| | | | | ജിയോളജി വകുപ്പിന്റെ Kerala Minerals (Prevention of Illegal Mining, Storage and Transportation) Rules, 2015 Rule 13 പ്രകാരമുള്ള ഫോം ജി Rule 9പ്രകാരമുള്ള ഫോം ഡി എന്നീ ലൈസൻസുകൾ |
| 12 | ശ്രീ അബ്ദുൾ അസീസ് ഇ കെ | ഇ കെ സി ക്രഷർ | 62 | 01.07.2018 മുതലുള്ള മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി. മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ Kerala Minerals (Prevention of Illegal Mining, Storage and Transportation) Rules,2015 Rule 13 പ്രകാരമുള്ള ഫോം ജി Rule 9 പ്രകാരമുള്ള ഫോം ഡി എന്നീ ലൈസൻസുകൾ |
| 13 | ശ്രീ ബീരാൻ കുട്ടി എ | ചാലിയാർ ക്രഷർ | 72 | 01.07.2018 മുതലുള്ള മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി. മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ Kerala Minerals (Prevention of Illegal Mining, Storage and Transportation) Rules, 2015 Rule 13 പ്രകാരമുള്ള ഫോം ജി Rule 9 പ്രകാരമുള്ള ഫോം ഡി എന്നീ ലൈസൻസുകൾ |

അനുബന്ധ രേഖകളില്ലാതെ ലൈസൻസ് അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (09/25.10.2019) രേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്. ലൈസൻസ് അനുവദിക്കുമ്പോൾ അനുബന്ധ രേഖകൾ ഉണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

4) <u>ലൈസൻസിന് പഴയ മാതൃക പിൻതുടരുന്നു</u>

30.10.2017 ലെ സ.ഉ (സാധാ) നം 80/2017/ത.സ്വ.ഭ.വ പ്രകാരം 31.10.2017 മുതൽ ഡി ആന്റ് ഒ ലൈസൻസ് എന്നത് ഫാക്ടിയോസ് എന്ന് പുനർ നാമകരണം ചെയ്തിരുന്നു. മേൽ ഭേദഗതി പ്രകാരം വിവിധ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കേണ്ട ലൈസൻസ് തുക, ലൈസൻസിന്റെ മാതൃക എന്നിവ പുതുക്കേണ്ടതാണ്. മേൽ ഉത്തരവ് സംബന്ധിച്ച് ഭരണസമിതി തീരുമാനം കൈക്കൊണ്ടിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. മേൽ ഉത്തരവ് പ്രകാരമുള്ള അപേക്ഷയുടെ മാതൃകയോ, ഫീസിന്റെ നിരക്കോ 2018-19 ലെ ലൈസൻസുകളിൽ സ്വീകരിച്ചിട്ടില്ല. മേൽ അപാകതക്ക് 28.07.2018 ലെ ഭരണസമിതി തീരുമാനം നം. 10 പ്രകാരം ഫീസ് പുതുക്കി നിശ്ചയിച്ചിട്ടുണ്ടെന്നും പുതുക്കിയ അപേക്ഷയുടെ മാതൃക തുടർന്നു വരുന്ന വർഷങ്ങളിൽ ഉപയോഗിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

# 1-14 റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

ഗ്രാമ പഞ്ചായത്തിലെ റേഷൻ കടകളിൽ നിന്നും നാളിതുവരെയായി തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ആയതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/25.10.2019) റേഷൻ കടകൾക്ക് കത്ത് നൽകിയിട്ടുണ്ടെന്നും തൊഴിൽ നികുതി ഈടാക്കുന്നതാണെന്നും അറിയിച്ചു. തൊഴിൽ നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-15 മൊബൈൽ ടവറുകൾ അനുമതി ഇല്ലാതെ പ്രവർത്തിക്കുന്നു

അനധികൃത നിർമ്മാണങ്ങളുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും രേഖകളും പരിശോധിച്ചതിൽ പഞ്ചായത്തിലെ വാർഡ് 2, 3, 5, 8 എന്നിവിടങ്ങളിൽ സ്ഥിതി ചെയ്യുന്ന ഇൻഡസ് എന്ന കമ്പനിയുടെ 4 മൊബൈൽ ടവറുകൾ നാളിതുവരെ നിയമാനുസൃതമായ അനുമതിയോ, കെട്ടിട നമ്പറോ ഇല്ലാതെയും, വസ്തു നികുതി അടവാക്കാതെയും പ്രവർത്തിച്ചു വരുന്നതായി കാണുന്നു. മാത്രമല്ല, അനധികൃത നിർമ്മാണങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ രേഖപ്പെടുത്തി വരുന്ന രജിസ്റ്ററിലോ "സഞ്ചയ"സോഫ്റ്റ്‌വെയറിലോ മേൽ ടവറുകളുടെ വിവരവും, അവയിൽ നിന്നും നിലവിൽ നിയമാനുസൃതം ഈടാക്കേണ്ട മൂന്നിരട്ടി വസ്തു നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങളും ലഭ്യമല്ല. അനധികൃത നിർമ്മാണങ്ങൾക്കെതിരെയുള്ള നടപടിയുടെ ഭാഗമായി പ്രസ്തുത ടവറുടമകളോട് വിശദീകരണം ആവശ്യപ്പെട്ട് 4.6.19 ലെ എ5-728/2019 പ്രകാരം സ്ഥാപനം നോട്ടീസ് നല്കിയെങ്കിലും മറുപടി ലഭ്യമായതായോ മറ്റു തുടർനടപടി സ്വീകരിച്ചതായോ കാണുന്നില്ല.

പെർമിറ്റ് നേടാതെയും, നമ്പറില്ലാതെയും വസ്തു നികുതി അടവാക്കാതെയും ഇത്തരത്തിൽ അനധികൃതമായിട്ടുള്ള മുഴുവൻ നിർമ്മാണങ്ങൾക്കെതിരെയും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, സെക്ഷൻ 235 ഡബ്ലിയു, 2011 ലെ കെട്ടിട നിർമാണ ചട്ടങ്ങളിലെ ചട്ടം 20, 137, 138 പ്രകാരം തുടർ നടപടികൾ സ്വീകരിക്കേണ്ടതും, ക്രമവല്ക്കരിക്കുന്നത്/പൊളിച്ചു നീക്കുന്നത് വരെ നിയമാനുസൃതം ഈടാക്കേണ്ട മൂന്നിരട്ടി വസ്തു നികുതി ഈടാക്കാനും, നിയമപ്രകാരമുള്ള എല്ലാ രേഖകളും ലഭ്യമാക്കി ക്രമവല്ക്കരിക്കുന്ന പക്ഷം അവയ്ക്കു ബാധകമായിട്ടുള്ള മുഴുവൻ വസ്തു നികുതി, പെർമിറ്റ് ഫീസ് തുടങ്ങിയവ നിർണ്ണയിച്ചു പിഴ സഹിതം മുൻകാല പ്രാബല്യത്തോടെ ഈടാക്കാനും ആയത് "സഞ്ചയ"യിൽ അപ്ഡേറ്റ് ചെയ്യാനും നടപടി സ്വീകരിക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.07/24.10.2019 ന നിർദ്ദേശം നടപ്പിലാക്കുന്നതാണെന്ന മറുപടി നല്കി. പുരോഗതി നിരീക്ഷിക്കുന്നതാണ്.

## 1-16 പാരാമെഡിക്കൽ സ്ഥാപനം രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു.

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ (SRO no. 660/97) ചട്ടം 3(1) പ്രകാരം ഒരു ഗ്രാമ പഞ്ചായത്ത് പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാത്ത ഏതൊരു സ്വകാര്യ ആശുപത്രിയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും സ്ഥാപിക്കാൻ പാടുള്ളതല്ല. ചട്ടം 3(10) പ്രകാരം ഒരു സ്വകാര്യ ആശുപത്രിയോ/ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനമോ ഗ്രാമ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തു കഴിഞ്ഞാൽ പ്രസ്തുത രജിസ്ട്രേഷന് അതതു സാമ്പത്തിക വർഷം അവസാനം വരെയാണ് പ്രാബല്യം. ചട്ടം 5 പ്രകാരം ഒരു ഗ്രാമ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രി/ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ സാമ്പത്തിക വർഷം അവസാനിക്കുന്നതിനു മുമ്പായി പുതുക്കേണ്ടതാണ്. ചട്ടം 8 പ്രകാരം 1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ വ്യവസ്ഥകൾക്കു

വിരുദ്ധമായോ ചട്ടത്തിൻ കീഴിൽ രജിസ്റ്റർ ചെയ്യാതെയോ ഒരു സ്വകാര്യ ആശുപത്രിയോ/ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനമോ പരിപാലിക്കുകയോ, നടത്തുകയോ ചെയ്യുന്ന ഏതൊരാളും കുറ്റസ്ഥാപനത്തിൻ മേൽ 5000/- രൂപ വരെ ആകാവുന്ന പിഴ ശിക്ഷയും കുറ്റം തുടരുന്ന ഓരോ ദിവസത്തിനും 500/- രൂപ വരെയാകാവുന്ന അധിക പിഴ ശിക്ഷയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

പഞ്ചായത്തിലെ ഡി ആന്റ് ഒ രജിസ്റ്റർ പ്രകാരം അൽമദീന ഡെന്റൽ ക്ലിനിക്ക് എന്ന പാരാമെഡിക്കൽ സ്ഥാപനത്തിന് ഡി ആന്റ് ഒ ലൈസൻസ് നൽകിയതായി കാണുന്നു. എന്നാൽ പാരാമെഡിക്കൽ രജിസ്ട്രേഷൻ ചെയ്തതായോ തൊഴിലാളികളിൽ നിന്ന് തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയതായോ കാണുന്നില്ല. 2017-18 ൽ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിച്ച മേൽ സ്ഥാപനത്തിനെതിരെ ചട്ടപ്രകാരം സ്വീകരിച്ച നടപടി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/26.10.2019) മറുപടി ലഭ്യമാക്കിയില്ല. മേൽ സ്ഥാപനത്തിനെതിരായി സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

# 1-17 വാടക- പൊതു അപാകതകൾ

ഗ്രാമ പഞ്ചായത്തിന് വാടകക്ക് നൽകുന്ന 4 ഷോപ്പ് റൂമുകളാണുള്ളത്. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | റൂം നമ്പർ | ലേലം കൊണ്ടയാളുടെ പേര് | മാസ വാടക |
|---|---|---|---|
| 1 | 19/441 | ശ്രീ മാട്ടറ മൂസ്സക്കുട്ടി | 3277 |
| 2 | 19/442 | ശ്രീ എം വി സൈനബ | 3260 |
| 3 | 19/443 | ശ്രീ അബ്ദുൾ ഖാദർ കെ | 3585 |
| 4 | 19/444 | പ്രസിഡന്റ്/സെക്രട്ടറി അന്നപൂർണ്ണ ന്യൂട്രിമിക്സ് | 2553 |

വാടകയുമായി ബന്ധപ്പെട്ട് ലഭ്യമാക്കിയ രജിസ്റ്റർ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. ക്രമ നമ്പർ 1 റൂം ലേലം കൊണ്ട ശ്രീ മാട്ടറ മൂസ്സക്കുട്ടി എന്നവർ ഡി ആന്റ് ഒ / ഫാക്ടിയോസ് ലൈസൻസ് എടുത്തതായി കാണുന്നില്ല.

2. ക്രമ നമ്പർ 3 റൂം ലേലം കൊണ്ട ശ്രീ അബ്ദുൾ ഖാദർ എന്നവരുമായി കരാർ ചമച്ചതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.

3. സ. ഉ (അച്ചടി) 87/2017 തസ്വഭവ തിയ്യതി 01.11.2017 പ്രകാരം പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ച് വാടകക്ക് നൽകുമ്പോൾ ജി എസ് ടി ബാധകമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2018-19 ലെ മുഴുവൻ കാലയളവിലും ജി എസ് ടി ഈടാക്കിയിട്ടില്ല. രജിസ്റ്ററിൽ രേഖപ്പെടുത്തിയ പ്രകാരം ജി എസ് ടി ഈടാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | റൂം നമ്പർ | ലേലം കൊണ്ടയാളുടെ പേര് | ജി എസ് ടി ഈടാക്കിയതിന്റെ വിവരം |
|---|---|---|---|
| 1 | 19/441 | ശ്രീ മാട്ടറ മൂസ്സക്കുട്ടി | ജനുവരി 2019 മുതൽ |
| 2 | 19/442 | ശ്രീ എം വി സൈനബ | ജനുവരി 2019 മുതൽ |
| 3 | 19/443 | ശ്രീ അബ്ദുൾ ഖാദർ കെ | ഒക്ടോബർ 2018 മുതൽ |
| | | | |

| | | | | |
|---|---|---|---|---|
| 4 | 19/444 | പ്രസിഡന്റ്/സെക്രട്ടറി നൃൂട്രിമിക്സ് | അന്നപൂർണ്ണ | സപ്തംബർ 2018 മുതൽ |
| | | | | |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/ 25.10.2019) ശ്രീ മാട്ടറ മൂസ്സക്കുട്ടി എന്നവർ ലൈസൻസ് എടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും ജി എസ് ടി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. ക്രമ നമ്പർ 2 അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്ന മറുപടിയാണ് നൽകിയത്. ശ്രീ അബ്ദുൾ ഖാദർ എന്നവരുമായി കരാർ ചമയ്ക്കേണ്ടതും തുടർ നടപടി വിവരം അറിയിക്കേണ്ടതുമാണ്.

# 1-18 മുൻകൂർ തുകകൾ ക്രമീകരിച്ചിട്ടില്ല

2018-19 വർഷത്തിൽ 516296 രൂപ ഗ്രാമ പഞ്ചായത്ത് മുൻകൂർ ആയി ചെലവഴിച്ചിട്ടുണ്ട്. ആയതിൽ 268267 രൂപ മാത്രമാണ് നാളിതു വരെ ക്രമീകരിച്ചിട്ടുള്ളത്. വിശദീകരണം ആരാഞ്ഞു നല്കിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.05/24.10.2019-ന എം.ജി.എൻ.ആർ.ഇ.എസ് ഭരണ ചെലവുകൾക്ക് തനതു ഫണ്ടിൽ നിന്നും നല്കിയ 3,18,496 രൂപ സർക്കാറിൽ നിന്നും ലഭ്യമാകുന്ന മുറക്ക് ക്രമീകരിച്ച് ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന മറുപടി നല്കി. പുരോഗതി വിവരം റിപ്പോർട്ട് ചെയ്യാനും, മുൻകൂറുകൾ നിർദിഷ്ട സമയപരിധിക്കകം തന്നെ ക്രമീകരിക്കാനും നടപടി സ്വീകരിക്കേണ്ടതാണ്.

# 1-19 ഐ കെ എം വിഹിതം: വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

പ്രോജക്ടിന്റെ പേര്: സാങ്കേതിക സഹായത്തിനായി ഐ കെ എമ്മിന വിഹിതം അടവാക്കൽ

പ്രോജക്ട് നം. S001/2018-19

തുക :92,555 രൂപ

ബിൽ നമ്പർ 05/18-19 തി. 20.07.2018

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രോജക്ട് പ്രകാരം 92,555 രൂപ ചീഫ് എക്സിക്യൂട്ടീവ് ഒഫീസർ, ഐ കെ എം, തിരുവനന്തപുരത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ മേൽ സ്ഥാപനം പ്രസ്തുത തുക എന്താവശ്യത്തിനാണെന്നോ എത്തരത്തിലാണെന്നോ ഉപയോഗിച്ചതെന്ന വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാനാവശ്യപ്പെട്ടു കൊണ്ട് എ1/1985/2018 തി. 31.3.2019 പ്രകാരം പഞ്ചായത്ത് സെക്രട്ടറി കത്ത് നല്കിയിട്ടുണ്ടെങ്കിലും ആയത് ഓഡിറ്റ് തിയതി വരെ ലഭ്യമായിട്ടില്ല. ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.06/24.10.2019-ന തുടർ നടപടി സ്വീകരിക്കുന്നതാണെന്നറിയിച്ചു. ചെലവു തുക 92,555 തടസത്തിൽ വെക്കുന്നു.

# 1-20 എസ് എസ് എ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രോജക്ട് :എസ് എസ് എ വിഹിതം അടവാക്കൽ (നം.S105/2018-19)

തുക :17,79,295 രൂപ

ബിൽ നമ്പർ 01/18-19 തി. 12.09.2018

ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ മേൽ പ്രോജക്ട് പ്രകാരം 17,79,295 രൂപ ഗ്രാമ പഞ്ചായത്ത് വിഹിതമിനത്തിൽ എസ് എസ് എ ക്ക് നൽകിയിട്ടുണ്ട്. മേൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയത് പരിശോധിച്ചതിൽ അധ്യാപക ട്രൈനിംഗ്, പുസ്തക വിതരണം, ടോയ്‌ലറ്റ് നിർമ്മാണം എന്നിങ്ങനെയുള്ള വിവിധ ഇനങ്ങളിലായി തുക ചെലവഴിച്ചതായി കാണിച്ചിട്ടുണ്ട്. എന്നാൽ ഹെഡ്മാസ്റ്റർ നല്കിയ 17,79,295 രൂപ ഏതെല്ലാം സ്കൂളുകളിൽ എത്തരത്തിലാണ് വിനിയോഗിച്ചതെന്നത് വ്യക്തമാക്കിയിട്ടില്ല. തുകയുടെ വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.04/24.10.2019 ന മറുപടി ലഭ്യമായിട്ടില്ല. ചെലവു തുക 17,79,295 രൂപ തടസത്തിൽ വെക്കുന്നു.

# 1-21 തുല്യതാ പരീക്ഷ: കേരള സംസ്ഥാന സാക്ഷരതാ മിഷന് തുക അടവാക്കിയത്- കൈപ്പറ്റ് രശീതി,വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല

ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പ്രോജക്ട് നമ്പർ S0184/2018-19 "പത്താം തരം/പ്ലസ് ടു തുല്യതാ പരീക്ഷ" എന്ന പ്രോജക്ടിനായി 41,550/-രൂപ വികസന ഫണ്ട് വകയിരുത്തിയിരുന്നു. ബിൽ നം.02/18-19 തി. 14.3.2019 പ്രകാരം കേരള സംസ്ഥാന സാക്ഷരതാ മിഷൻ ഡയറക്ടർക്ക് നല്കിയ മേൽ പദ്ധതിയുടെ ചെലവ് വിവരം താഴെ കൊടുക്കുന്നു.

| ക്ലാസ്സ് | വിദ്യാർത്ഥികൾ | ഒരാളുടെ ഫീ | മൊത്തം ഫീസ് |
|---|---|---|---|
| 10 | 19 | 1750 | 33250 |
| പ്ലസ് വൺ | 2 | 2200 | 4400 |
| പ്ലസ് ടു | 2 | 1950 | 3900 |
| **ആകെ എണ്ണം** | **23** | **ആകെ തുക** | **41550** |

എന്നാൽ മേൽ പ്രകാരം മൂന്ന് കാറ്റഗറിയിലായുള്ള 23 പേരിൽ ആകെ പരീക്ഷ എഴുതിയവരുടെ എണ്ണം, തുടർ നടപടി വിവരങ്ങൾ എന്നിവ ഫയലിൽ ഇല്ല. കൂടാതെ തുകയുടെ കൈപ്പറ്റ് രശീതി, തുക ഉദ്ദിഷ്ട കാര്യത്തിന് തന്നെ വിനിയോഗിച്ചു എന്നതിന് വിനിയോഗ സാക്ഷ്യപത്രം, മോണിറ്ററിംഗ് സമിതി റിപ്പോർട്ട് എന്നിവയും ലഭ്യമായിട്ടില്ല. ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടി വിവരം

അറിയിക്കേണ്ടതാണെന്നറിയിച്ച നല്കിയ അന്വേഷണ കുറിപ്പ് നം.03/24.10.2019 ന മറുപടി ലഭ്യമായിട്ടില്ല. ചെലവു തുക തടസത്തിൽ വെക്കുന്നു.

## 1-22 മുൻകൂർ തുക നൽകിയിട്ടും മരുന്നു ലഭ്യമായില്ല

(i)2018-19 വർഷത്തിൽ മെഡിക്കൽ ഓഫീസർ നിർവ്വഹണം ചെയ്ത താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം മരുന്ന വാങ്ങുന്നതിനായി തുക മുൻകൂറായി നൽകിയിട്ടുണ്ടെങ്കിലും നാളിതു വരെയായി മരുന്നുകൾ ലഭ്യമായിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് | ബിൽ നമ്പർ/ചെക്ക് നമ്പർ/ തിയ്യതി | തുക |
|---|---|---|---|
| 1 | 103/19 (കണ്ണമംഗലം പി എച്ച് സി യിലേക്ക് മരുന്ന് വാങ്ങൽ ) | 17/18-19/ 21.02.2019 | 1,50,000/- |
| 2 | 98/19 പരിരക്ഷ പാലിയേറ്റീവ് | 18/18-19/19.03.2018 (1,13,720/-) | 64420 |
| | | ചെക്ക് നമ്പർ 1834553/22.02.2019 | 85580 |
| | | | 300000/- |

മുൻകൂർ നൽകിയ തുകക്ക് നാളിതു വരെയും മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുന്നതു വരെ ചെലവു തുക 300000/- രൂപ തടസ്സം ചെയ്യുന്നു.

## 1-23 വാട്ടർ അതോറിറ്റിയിൽ നിന്നും റോഡ് റിസ്റ്റോറേഷൻ ചാർജ് ഈടാക്കാത്തത്

ഗ്രാമപഞ്ചായത്തിന്റ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട താഴെ കാണിച്ച റോഡ് പ്രവൃത്തികൾ നടക്കുന്ന സ്ഥലങ്ങളിൽ വാട്ടർ അതോറിറ്റിയുടെ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന്റെ ഭാഗമായി റോഡിൽ ട്രഞ്ചെടുത്തതിനാൽ നിലവിലെ എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി ആരംഭിക്കാനാവില്ലെന്നും ആയതിനാൽ അടങ്കൽ അധികരിക്കാത്ത രീതിയിൽ എസ്റ്റിമേറ്റ് പുതുക്കണമെന്നും അസി. എഞ്ചിനീയർ ആവശ്യപ്പെട്ടത് 16.02.2018 പഞ്ചായത്ത് ഭരണ സമിതി യോഗം തീരുമാനം 18(1) അംഗീകരിച്ച് തുടർനടപടിക്കായി നിർവ്വഹണ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയതാണ്.

1. 79/18: പനക്കൽ എസ് സി കോളനി ശ്മശാനം റോഡ് റീടാറിംഗ്

2.80/18: കുവ്വപറമ്പ് കോവിലപ്പാറ റോഡ് റീടാറിംഗ്

3.89/18: കാപ്പില പാണ്ടിക്കല്ല് റോഡ് റീടാറിംഗ്

4.100/18: തടത്തിപ്പാറ ചാലീപ്പാടം പള്ളി ഇടവഴി റീടാറിംഗ്

5.206/18: നോട്ടപ്പുറം തിരുത്തിമല റോഡ് ടാറിംഗ്

6.128/18: ചെങ്ങാനി മേക്കുന്നേക്കാട് റോഡ് ടാറിംഗ്

7.229/18: കഴുകൻചിന വെട്ടുതോട് റോഡ് കൈവരി

8.82/18: വി കെ മാട് രാമൻകുളങ്ങര റോഡ് റീടാറിംഗ്

9.87/18: കോവിലപ്പാറ മാട്ടിൻപടിവട്ടം റോഡ് റീടാറിംഗ്

പഞ്ചായത്ത് ഭരണ സമിതി യോഗം തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ താഴെ കാണിച്ച മൂന്ന് റോഡ് റീടാറിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ അടങ്കൽ തുകയിൽ അധികരിക്കാതെ പുതുക്കി നിർവ്വഹിച്ചിട്ടുണ്ട്. ഇങ്ങനെ പുതുക്കിയപ്പോൾ ഒറിജിനൽ പ്രോജക്ടിൽ വിഭാവനം ചെയ്ത ആസ്തി സൃഷ്ടിക്കലിന്റെ അളവിൽ കുറവ് വരുന്നുണ്ട്. മാത്രമല്ല വാട്ടർ അതോറിറ്റി കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന്റെ ഭാഗമായി കുഴിയെടുത്ത റോഡ് ഭാഗം വികസന ഫണ്ട് ഉപയോഗിച്ച് പഞ്ചായത്ത് റീടാറിംഗ് ചെയ്തപ്പോൾ റിസ്റ്റൊറേഷൻ ചാർജ് ഡിമാന്റ് ചെയ്തിട്ടില്ലായെന്ന് കാണുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | ഒറിജിനൽ എസ്റ്റിമേറ്റിൽ സൃഷ്ടിക്കേണ്ട ആസ്തിയിൽ മാറ്റം വരുത്തിയത് | പൈപ്പ് ലൈൻ സ്ഥാപിച്ച ഭാഗം റീടാറിംഗിന് വന്ന ചെലവ് |
|---|---|---|---|
| 1 | 80/18:കുവ്വപറമ്പ് കോവിലപ്പാറ റോഡ് റീടാറിംഗ് | ചെയ്നേജ് 0 മീറ്റർ മുതൽ 405 വരെ 3മീറ്റർ വീതിയിൽ റീടാറിംഗ് 302 മീറ്ററായി കുറഞ്ഞു. | എക്സ്ട്രാ ഇനം 1 മുതൽ 3 വരെ 101822 രൂപ ചെലവഴിച്ചു. വൗച്ചർ 19/12.06.18 തുക:349036 രൂപ |
| 2 | 87/18:കോവിലപ്പാറ മാട്ടിൻപടിവട്ടം റോഡ് റീടാറിംഗ് | ചെയ്നേജ് 200 മീറ്റർ മുതൽ 380വരെ 3മീറ്റർ വീതിയിൽ റീടാറിംഗ്, 380മീറ്റർ മുതൽ 400വരെ കോൺക്രീറ്റിംഗ് 198മീറ്ററായി കുറഞ്ഞു. | എക്സ്ട്രാ ഇനം 1 മുതൽ 3 വരെ 59509 രൂപ ചെലവഴിച്ചു. വൗച്ചർ 20/25.06.18 തുക:224021രൂപ |
| 3 | 82/18: വി കെ മാട് രാമൻകുളങ്ങര റോഡ് റീടാറിംഗ് | ചെയ്നേജ് 140 മീറ്റർ മുതൽ 4446 വരെ 3 മീറ്റർ വീതിയിൽ റീടാറിംഗ് 196 മീറ്ററായി കുറഞ്ഞു. | എക്സ്ട്രാ ഇനം 1 മുതൽ 3 വരെ 59142 രൂപ ചെലവഴിച്ചു. വൗച്ചർ 16/12.06.18 തുക:224217രൂപ |

മേൽ പ്രവൃത്തികളുടെ നിർവ്വഹണത്തിന് വാട്ടർ അതോറിറ്റിയിൽ നിന്നും റിസ്റ്റോറേഷൻ ചാർജ് ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയ വിശദീകരണത്തിൽ വ്യക്തമാക്കിയത്. തുടർ നടപടി വിവരം ലഭ്യമാകും വരെ ചെലവ് തുക 220473 രൂപ തടസ്സം ചെയ്യുന്നു.

# 1-24 വാർഷിക പദ്ധതി രൂപീകരണത്തിൽ നിയമപരമായ മുഴുവൻ നടപടിക്രമങ്ങളും പാലിക്കണം

16.11.2017 ലെ GO(ms) 224/2017 തസ്വഭവ ഉത്തരവ് പ്രകാരം ആസൂത്രണ സമിതികളും വർക്കിംഗ് ഗ്രൂപ്പുകളും പുനസംഘടിപ്പിക്കുന്നതിനും അവസ്ഥാ രേഖ പരിഷ്കരിക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചതാണ്. പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനായി പുറപ്പെടുവിച്ച പ്രസ്തുത മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ തെരഞ്ഞെടുക്കപ്പെട്ട സമിതികളുടേയും സ്റ്റാറ്റ്യൂട്ടറി കമ്മറ്റികളുടേയും പ്രവർത്തനത്തിൽ പുരോഗതിയുണ്ടായിട്ടില്ല. വിശദാംശം താഴെ ചേർക്കുന്നു.

**1.പ്രാദേശികാസൂത്രണത്തിൽ ആസൂത്രണ സമിതി മേൽനോട്ടം വഹിക്കണം.**

വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് ഭരണ സമിതിയെ സഹായിക്കുക, സ്റ്റേക്ക് ഹോൾഡർമാരുമായുള്ള കൂടിയാലോചന, ബാങ്കുകളും സഹകരണസ്ഥാപനങ്ങളുമായുള്ള ചർച്ച എന്നിവക്ക് സഹായം നൽകുക, പ്രാദേശികാസൂത്രണത്തിൽ സഹായിക്കുന്നതിന് വിദഗ്ധർ, സന്നദ്ധ പ്രവർത്തകർ എന്നിവരേയും അക്കാദമിക് സാങ്കേതിക സ്ഥാപനങ്ങളേയും കണ്ടെത്തുന്നതിന് സഹായിക്കുക തുടങ്ങി തദ്ദേശഭരണ സ്ഥാപനത്തിലെ പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ ഏകോപിപ്പിക്കുന്നതിൽ പ്രധാന ദൗത്യമാണ് ആസൂത്രണ സമിതിക്ക് നിർവ്വഹിക്കാനുള്ളത്. തദ്ദേശഭരണ സ്ഥാപനത്തിന്റെ പ്രസിഡണ്ട് അദ്ധ്യക്ഷനും സെക്രട്ടറി കൺവീനറുമായുള്ള സമിതി 2018-19 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 29.11.2017ന് യോഗം ചേർന്ന ശേഷം വാർഷിക പദ്ധതിയുമായി തുടർതീരുമാനങ്ങളെടുത്തതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. സ്വയംതൊഴിൽ കണ്ടെത്തുന്നതിന് വായ്പാധിഷ്ഠിത പദ്ധതികൾ ഉൾപ്പെടുത്താൻ വിവിധ ബാങ്ക് അധികാരികളുമായി ചർച്ച നടത്തിയതിനെ തുടർന്ന് സഹകരിക്കാൻ തയ്യാറായതായും എസ് സി യുവാക്കൾക്ക് ഓട്ടോറിക്ഷാ/ പിക്കപ്പ് ഓട്ടോറിക്ഷാ വിതരണം, പേപ്പർബാഗ് നിർമ്മാണ യൂണിറ്റ് തുടങ്ങിയവ നടപ്പിലാക്കാൻ ലക്ഷ്യമിട്ടതായി അന്തിമ വാർഷിക പദ്ധതിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രാദേശികമായ വായ്പാ സമാഹരണം നടത്തുന്നതിന് ആസൂത്രണ സമിതിയുടെ ഭാഗത്തുനിന്നും തുടർനടപടിയുണ്ടായിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ പുന:സംഘടിപ്പിച്ച് പ്രവർത്തനം കാര്യക്ഷമമാക്കാനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചതായി മിനുട്സിൽ രേഖപ്പെടുത്തലില്ല.

## 2. സ്റ്റാൻഡിംഗ് കമ്മറ്റികളുടെ മേൽനോട്ടം ശക്തിപ്പെടുത്തണം

വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം മുതൽ പദ്ധതി അംഗീകരിച്ചു കിട്ടുന്നതുവരെയുള്ള ആസൂത്രണ നടപടികൾ ഓരോന്നും യഥാസമയം ഫലപ്രദമായി നടത്തുന്നതിനുവേണ്ട യോഗങ്ങൾ യഥാസമയം വിളിച്ച് ചേർക്കൽ, മറ്റ് സ്റ്റാൻഡിംഗ് കമ്മറ്റികൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകൽ, പദ്ധതി യഥാസമയം പരിശോധനക്കായി സമർപ്പിക്കൽ തുടങ്ങി എല്ലാവിധ മുന്നൊരുക്കങ്ങളും ഇടപെടലുകളും നടത്താനുള്ള ചുമതല വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിക്കാണ്. വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ കീഴിലുള്ള മേഖലകളിലെ വർക്കിംഗ് ഗ്രൂപ്പുകൾ അവസ്ഥാ രേഖ പരിഷ്കരിച്ചോയെന്നും തയ്യാറാക്കിയ പ്രോജക്ട് അടിസ്ഥാന വിവരങ്ങൾക്ക് അനുസൃതമാണോയെന്നും, വർക്കിംഗ് ഗ്രൂപ്പുകൾ ആവശ്യമായ സമയങ്ങളിൽ യോഗം ചേർന്ന് ചുമതലകൾ നിർവ്വഹിക്കുന്നുണ്ടോയെന്നുമുള്ള കാര്യങ്ങളിൽ കൂടുതൽ മേൽനോട്ടമുണ്ടാവണം. ഇതുമായി ബന്ധപ്പെട്ടുള്ള കൂട്ടായ പരിശോധനയുടേയും തീരുമാനങ്ങളുടേയും രേഖപ്പെടുത്തലുകൾ മിനിട്സിലുണ്ടാവണം. ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റി, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ യോഗ മിനുട്സ് പരിശോധിച്ചാലും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ അവസ്ഥാ രേഖ പരിഷ്കരിച്ചോയെന്നും തയ്യാറാക്കിയ പ്രോജക്ട് നിർദ്ദേശങ്ങൾ അടിസ്ഥാന ഡാറ്റയുടെ അടിസ്ഥാനത്തിൽ പൂർണ്ണവും കുറ്റമറ്റതുമാണെന്ന് ഉറപ്പ് വരുത്താൻ നടത്തിയ പരിശോധനയുടെ വിശദാംശം മിനിട്സിലില്ലായെന്ന് കാണുന്നു. വർക്കിംഗ് ഗ്രൂപ്പുകൾ അതാത് മേഖലകളിൽ നിർദ്ദേശിച്ച പ്രോജക്ടുകൾ ബന്ധപ്പെട്ട മേഖലകളിലെ അടിസ്ഥാന വിവരങ്ങൾ വ്യക്തമാക്കുന്ന ആവശ്യങ്ങൾക്ക് അനുസൃതമാണെന്നും ഉറപ്പ് വരുത്തണം. വാർഷിക പദ്ധതിയിൽ 120 പ്രോജക്ടുകൾ ഉൾപ്പെടുത്തിയതിൽ നിർവ്വഹണ പുരോഗതി പരിശോധിച്ചതിൽ 42ശതമാനത്തോളം പ്രോജക്ടുകൾ നടപ്പിലാക്കാതെ പോയ സാഹചര്യം പരിശോധനാ വിധേയമാക്കണം.

## 3.വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനത്തിൽ നിർദ്ദേശിച്ച പ്രകാരമുള്ള മേൽനോട്ടമുണ്ടാവണം

വർക്കിംഗ് ഗ്രൂപ്പുകൾക്ക് ബന്ധപ്പെട്ട വിഷയ മേഖലയിലെ സ്ഥിതിവിവര കണക്കുകൾ ശേഖരിച്ച് തയ്യാറാക്കിയ അവസ്ഥാ രേഖയിൽ (സ്റ്റാറ്റസ് റിപ്പോർട്ടിൽ) പ്രതിപാദിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായിട്ടാണ് പ്രോജക്ടുകൾ നിർദ്ദേശിക്കേണ്ടത്. വർക്കിംഗ് ഗ്രൂപ്പുകൾ പുന:സംഘടിച്ച ശേഷം

സ്ഥാപനത്തിൽ നിലവിലുള്ള അവസ്ഥാരേഖ പരിഷ്കരിക്കാൻ നിർദ്ദേശമുള്ളതാണ്. എന്നാൽ പതിമൂന്നാം പദ്ധതിയുടെ ആദ്യവർഷത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഉൾപ്പെടുത്തി അവസ്ഥാരേഖ അപ്ഡേറ്റ് ചെയ്യാതെയാണ് പ്രോജക്ടുകൾ തയ്യാറാക്കിയത്. പദ്ധതി രൂപീകരണത്തിലെ അടിസ്ഥാനപരമായ വ്യതിയാനം ഇതിന് മേൽനോട്ടം വഹിക്കാൻ ചുമലപ്പെട്ട സ്റ്റാൻഡിംഗ് കമ്മറ്റികളുടെ ശ്രദ്ധയിൽപ്പെട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം പദ്ധതി രൂപീകരണഘട്ടത്തിന് ശേഷം നിർവഹണ പുരോഗതി, മോണിറ്ററിംഗ് ഘട്ടങ്ങളിലുണ്ടായിട്ടില്ല. അപ്ഡേറ്റ് അവസ്ഥാരേഖയുടെ അടിസ്ഥാനത്തിൽ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കി ഗ്രാമസഭാ യോഗങ്ങളിൽ അവതരിപ്പിക്കാനും അവിടെ നടക്കുന്ന ചർച്ചകളുടേയും തീരുമാനങ്ങളുടേയും അടിസ്ഥാനത്തിൽ പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കാനും തുടർന്ന് ഭരണ സമിതിയുടേയും വികസനസെമിനാറിന്റേയും പരിഗണനക്ക് സമർപ്പിക്കാനും വർക്കിംഗ് ഗ്രൂപ്പുകൾക്ക് നിയമപരമായി ബാധ്യതയുണ്ട്. പദ്ധതി നിർവ്വഹണ ഘട്ടത്തിൽ വർക്കിംഗ് ഗ്രൂപ്പുകളെ മോണിറ്ററിംഗ് കമ്മറ്റികളായി രൂപാന്തരപ്പെടുത്തി പ്രവർത്തിക്കാനുള്ള നിർദ്ദേശവും നടപ്പിലാക്കേണ്ടതാണ്

**<u>4.ഗ്രാമസഭാ യോഗങ്ങൾ വർക്കിംഗ് നിർദ്ദേശങ്ങൾ ഗൗരവതരമായ പരിശോധനക്ക് വിധേയമാക്കണം.</u>**

പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട ഗ്രാമസഭാ യോഗ മിനുട്സുകൾ പരിശോധിച്ചതിൽ യോഗങ്ങളുടെ ഫോട്ടോ സൂക്ഷിക്കുന്നില്ലായെന്ന് കാണുന്നു. ഗ്രാമസഭാ യോഗ മിനുട്സുകളിൽ രേഖപ്പെടുത്തിയ നിർദ്ദേശങ്ങൾ പരിശോധിച്ചതിൽ ഫോറം 1 ൽ വർക്കിംഗ് ഗ്രൂപ്പുകൾ ഗ്രാമസഭയിൽ അവതരിപ്പിക്കാനായി തയ്യാറാക്കിയ നിർദ്ദേശങ്ങൾക്ക് പുറമെ അധികമായി നിർദ്ദേശങ്ങൾ സമർപ്പിച്ചത്. വിവിധ മേഖലകളുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകൾ നിർദ്ദിഷ്ട ഫോറത്തിൽ തയ്യാറാക്കിയ പ്രോജക്ട് നിർദ്ദേശങ്ങൾ യോഗങ്ങളിൽ ഗൗരവതരമായ പരിശോധക്ക് വിധേയമാക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. യോഗങ്ങളുടെ നടപടിക്രമങ്ങളുടെ കൃത്യമായി വിവരം മിനുട്സിൽ രേഖപ്പെടുത്തേണ്ടതാണ്.

**<u>5.വികസന സെമിനാറിൽ കരട് പദ്ധതിയുടെ പരിശോധന കാര്യക്ഷമമാക്കണം.</u>**

2018-19 ലെ വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ഭരണ സമിതി മുൻഗണനകളും വിഭവലഭ്യത പരിഗണിച്ചും തയ്യാറാക്കിയ കരട് പദ്ധതി രേഖ പരിശോധിക്കാനായുള്ള ഏകദിന വികസന സെമിനാർ 09.03.18 നാണ് ചേർന്നത്. 105 പേരാണ് പങ്കെടുത്തത്. സെമിനാറിൽ പങ്കെടുക്കേണ്ടത് ത്രിതല പഞ്ചായത്ത് പ്രതിനിധികൾ, ആസൂത്രണ സമിതി അംഗങ്ങൾ, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ, ഗ്രാമസഭാ പ്രതിനിധികൾ, കുടുംബശ്രീ പ്രതിനിധികൾ, പ്രമോട്ടർമാർ, നിർവ്വഹണ ഉദ്യോഗസ്ഥർ, സ്റ്റേക്ക് ഹോൾഡർമാർ, പ്രൊഫഷണലുകൾ തുടങ്ങി എല്ലാ വിഭാഗം ജനങ്ങളാണെങ്കിലും മിനിട്സിൽ പങ്കെടുത്തവരുടെ കൃത്യമായ വിവരം രേഖപ്പെടുത്തിയിട്ടില്ല. പേർ പങ്കെടുത്ത സെമിനാറിൽ ഗ്രാമ സഭകളിൽ നിന്നും തെരഞ്ഞെടുത്ത പ്രതിനിധികൾ പങ്കെടുത്തിരുന്നോയെന്ന് പോലും വ്യക്തമല്ല. യോഗ നടപടിക്രമങ്ങൾ ഗ്രാമസഭാ യോഗത്തിന്റെ മാതൃകയിൽ അനുയോജ്യമായ മാറ്റം വരുത്തി നടത്താനാണ് നിർദ്ദേശമുള്ളത്. പഞ്ചായത്തിന്റെ വികസനകാഴ്ചപ്പാട്, മിഷൻപ്രവർത്തനങ്ങളും വാർഷിക പരിപാടിയും, മുൻവർഷ വാർഷിക പദ്ധതി റിപ്പോർട്ട്, വാർഷിക പദ്ധതി കരട് പ്രോജക്ട് നിർദ്ദേശങ്ങൾ, പരിഷ്കരിച്ച സ്റ്റാറ്റസ് റിപ്പോർട്ട് എന്നിവയുടെ അവതരണം സംബന്ധിച്ച യോഗത്തിന്റെ നടപടിക്രമത്തിൽ ഉണ്ടായിരിക്കേണ്ടവ മിനിട്സിൽ രേഖപ്പെടുത്താത്തതിൽ നിന്നും അപ്രകാരം നടന്നില്ലായെന്ന് വിലയിരുത്തുന്നു.

വിവിധ മേഖലയിലെ ആവശ്യങ്ങളുടെ പരിഹാരമായി പ്രോജക്ടുകൾ നിർദ്ദേശിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകളെ പര്യാപ്തമാക്കുന്നതിന് സ്റ്റാൻഡിംഗ് കമ്മറ്റികളുടെ മേൽനോട്ടവും മാർഗ്ഗനിർദ്ദേശവുമുണ്ടാവണം.

തദ്ദേശ സ്ഥാപനത്തിന്റെ ദീർഘകാല വികസനത്തിന് ഭരണസമിതിയേയും വർക്കിംഗ് ഗ്രൂപ്പുകളേയും സഹായിക്കുന്നതിന് ചുമതലപ്പെട്ട ആസൂത്രണ സമിതിയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തണം. പരിഷ്കരിച്ച അവസ്ഥാ റിപ്പോർട്ടിൽ പ്രതിപാദിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായി വാർഷിക പദ്ധതി തയ്യാറാക്കാനും നിർവ്വഹണ ഘട്ടത്തിൽ ഗുണഭോക്താക്കളുടെ അർഹത, മുൻഗണന പരിശോധനയിലും പ്രോജക്ടുകൾ മോണിറ്റർ ചെയ്യുന്നതിലും വർക്കിംഗ് ഗ്രൂപ്പുകളുടെ ഉത്തരവാദിത്വം കൃത്യമായി നടപ്പിലാക്കാൻ തദ്ദേശഭരണ സ്ഥാപനത്തിനാവണം.

# 1-25 പൊതുമാരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലെ അപാകതകൾ

പൊതുമരാമത്ത് പ്രവൃത്തികളുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും ശ്രദ്ധയിൽപ്പെട്ട താഴെ കാണിച്ച അപാകതകൾ പരിഹരിക്കാൻ തുടർനടപടിയുണ്ടാവേണ്ടതാണ്.

**1.റോഡ് കണക്റ്റിവിറ്റി പ്ലാൻ തയ്യാറാക്കാൻ നടപടി സ്വീകരിക്കണം**

റോഡുകളുടെ പുനരുദ്ധാരണം, ടാറിംഗ്, റീടാറിംഗ് പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയ റോഡിന്റെ വിശദാംശം, യുനീക്ക് നമ്പർ ഉൾപ്പെടെയുള്ള കാര്യങ്ങൾ ഫോറത്തിലും, എസ്റ്റിമേറ്റ് റിപ്പോർട്ടിലും രേഖപ്പെടുത്താൻ നിർദ്ദേശമുള്ളതാണ്. ഗ്രാമപഞ്ചായത്തുകൾ അവയുടെ അധികാര പരിധിയിൽ വരുന്ന ഹൈവേകളും മേജർ ജില്ലാ റോഡുകളുമായും ഏറ്റവും ചെറിയ ജനവാസ സ്ഥലങ്ങളിൽവരെ എത്തിച്ചേരുന്നതുമായ എല്ലാ റോഡുകളുടേയും ഒരു കണക്റ്റിവിറ്റി പ്ലാൻ തയ്യാറാക്കാനും ബ്ലോക്ക് പഞ്ചായത്തിന് കൈമാറാനും പതിനൊന്നാം പഞ്ചവൽസര പദ്ധതി മുതലുള്ള മാർഗ്ഗരേഖകളിൽ നിർദ്ദേശമുള്ളതുമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കണക്ടിവിറ്റി മാപ്പുകൾ തയ്യാറാക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കാനും 28.2.2015 നകം പൂർത്തീകരിക്കാനും തദ്ദേശ ഭരണ വകുപ്പിന്റെ 14.10.2014 ലെ 45023/AB2/2014 സർക്കുലറിലും നിർദ്ദേശിച്ചിട്ടുണ്ട്. എഞ്ചിനീയറിംഗ് സ്ഥാപന മേധാവികൾ കണക്റ്റിവിറ്റി പ്ലാനിന്റെ ആവശ്യകത തദ്ദേശഭരണ സ്ഥാപനങ്ങളെ ബോദ്ധ്യപ്പെടുത്താനും അതിനുള്ള പ്രോജക്ട് നിർബന്ധമായും ഏറ്റെടുക്കാനുമുള്ള ചീഫ് എഞ്ചിനീയറുടെ 24.09.2014 ലെ DB2/8510/14 ലെ സർക്കുലറിലും നിർദ്ദേശിച്ചെങ്കിലും പ്രാരംഭ പ്രവർത്തനം പോലും നടന്നിട്ടില്ല. പുതിയതായി സൃഷ്ടിക്കുന്ന മുഴുവൻ ആസ്തികളുടേയും ചീഫ് എഞ്ചിനീയറുടെ മേൽവിവരം രജിസ്റ്ററിൽ അപ്ഡേറ്റിംഗ് നടത്തി ചീഫ് എഞ്ചിനീയറുടെ മേൽ നിർദ്ദേശം പാലിച്ച് പ്രോജക്ടുകൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**2.സൈറ്റിൽ ഡിസ്‌പ്ലേ ബോർഡ് പ്രദർശിപ്പിക്കുന്നില്ല.**

പ്രവൃത്തി സംബന്ധിച്ച് സൈറ്റിൽ ഡിസ്പ്ലേ ബോർഡ് പ്രദർശിപ്പിക്കാനുള്ള നിർദ്ദേശം ഒരു മരാമത്ത് പ്രവൃത്തിയുടെ നിർവ്വഹണത്തിലും നടപ്പിലാക്കുന്നില്ല. കോൺട്രാക്റ്ററുടെ / കൺവീനറുടെ പേര്, ഫോൺ നമ്പർ, എഞ്ചിനീയറുടെ പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി ഡിസ്പ്ലേ ബോർഡ് സ്ഥാപിക്കാൻ എസ്റ്റിമേറ്റിൽ തുക വകയിരുത്താനും ചെലവഴിക്കാനും മാർഗ്ഗരേഖയിൽ വ്യവസ്ഥയുള്ളതാണ്. റോഡുകൾ നിർമ്മിക്കുമ്പോൾ പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിലെ നിർദ്ദേശ പ്രകാരമുള്ള ബോർഡുകൾ വയ്ക്കണമെന്ന് തദ്ദേശ ഭരണ വകുപ്പിന്റെ 14.10.2014 ലെ 45023/AB2/2014 നമ്പർ സർക്കുലറിലും നിർദ്ദേശം നൽകിയ വിവരം ശ്രദ്ധയിൽപ്പെടുത്തുന്നു.

**3. ഇ- ടെൻഡർ ഫോറം വില ഈടാക്കാത്തത്**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പൊതുമരാമത്ത് പ്രവൃത്തികളിൽ ഇ-ടെൻഡർ സമർപ്പിക്കുമ്പോൾ കരാറുകാരിൽ നിന്നും ഓൺലൈനായി നിരതദ്രവ്യവും ടെൻഡർ ഷെഡ്യൂൾ ഫീയും സ്വീകരിക്കുന്നതിനായി ജില്ലാ പഞ്ചായത്ത്, നഗരസഭ, കോർപ്പറേഷനുകളിലെ എഞ്ചിനീയറിംഗ് തലവൻമാർക്ക് ബാങ്കിൽ സീറോ ബാലൻസ് എക്കൗണ്ട് തുടങ്ങാൻ 28.09.2013 ലെ ജി.ഒ.(എം എസ്) 318/2013/LSGD പ്രകാരം അനുമതി നൽകിയതാണ്. ചീഫ് എഞ്ചിനീയറുടെ 10.10.2013 ലെ DB1-7942/2013/CE/LSGD നമ്പർ സർക്കുലറിൽ ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളുടെ ബാങ്ക് എക്കൗണ്ടുകളുമായി ബന്ധിപ്പിക്കുന്നതിന് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ തുടങ്ങിയ ബാങ്ക് എക്കൗണ്ടിന്റെ വിശദാംശം ഇ-ടെൻഡർ നടപടികളുടെ നോഡൽ ഏജൻസിയായി അംഗീകരിച്ച കേരള സംസ്ഥാന ഐ.ടി മിഷന് കൈമാറാനും നിർദ്ദേശമുള്ളതാണ്. 2016-17 മുതൽ പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന് ഇ-ടെൻഡർ നടപടി സ്വീകരിച്ചതനുസരിച്ച് ഇതിലൂടെ ടെൻഡർ ഷെഡ്യൂൾ വിലയായി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാങ്ക് എക്കൗണ്ടിലേക്ക് വന്ന തുക ഗ്രാമപഞ്ചായത്തിന് ലഭിമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

**4.വെൽഫയർ ഫണ്ട് കളക്ഷൻ ചാർജ് ഈടാക്കാത്തത്**

ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴസ് വെൽഫയർ സെസ് ആക്റ്റ് 1996 സെക്ഷൻ 3(3) പൊതുമരാമത്ത് പ്രവൃത്തികളിൽ നിന്നും ഈടാക്കുന്ന വെൽഫയർ ഫണ്ട് വിഹിതത്തിന്റെ 1 ശതമാനത്തിൽ കുറയാത്ത തുക തദ്ദേശഭരണ സ്ഥാപനത്തിന് കളക്ഷൻ ചാർജായി ശേഖരിക്കാൻ നിർദ്ദേശമുള്ളതാണ്. 2018-19 വർഷത്തിൽ മാത്രം വെൽഫയർ ഫണ്ട് വിഹിതമായി 159693 രൂപയിൽ അധികം തുക ഈടാക്കി അടവാക്കിയിട്ടുണ്ട്. പഞ്ചായത്തിന് ലഭിക്കേണ്ട കളക്ഷൻ ചാർജ് ശേഖരിച്ച് പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

# 1-26 ശമ്പള വർദ്ധനവിനാനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്ക് ചുവടെ കാണിച്ച വൗച്ചറുകൾ പ്രകാരം ശമ്പള കുടിശ്ശിക (മൂന്നും നാലും ഗഡു) അനുവദിച്ചിട്ടുണ്ട്. എന്നാൽ ശമ്പള കുടിശ്ശിക തുകയിലുൾപെട്ട അടിസ്ഥാന ശമ്പള വർദ്ധനവിന്റെ 15% തുക പെൻഷൻ കോൺട്രിബ്യൂഷനായി അടവാക്കിയതിന്റെ രേഖകൾ ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല. വിശദാംശം:

__മൂന്നാം ഗഡു (പിഎഫ്)__

| വൗച്ചർ നമ്പർ/തീയ്യതി | തുക | റിമാർക്സ് |
|---|---|---|
| 21800037/17.04.18 | 39543 | ശ്രീ.രാമകൃഷ്ണൻ, സെക്രട്ടറി |
| 21800038/17.04.18 | 20374 | ശ്രീ. ജോസ്, സീനിയർ ക്ലാർക്ക് |
| 21800039/19.04.18 | 177863 | ശ്രീ.രമേഷ് പി ,അസി.സെക്രട്ടറി - 23442<br>ശ്രീമതി .അജിത കെ. ജൂനിയർ സൂപ്രണ്ട് - 18628<br>ശ്രീ.അജയ കുമാർ എ.കെ. വി ,അക്കൗണ്ടന്റ് -16022<br>ശ്രീ. ഗംഗാധരൻ സീനിയർ ക്ലാർക്ക് - 16064<br>ശ്രീമതി സുധ പരോൾ സീനിയർ ക്ലാർക്ക് -19689 |

| | | |
|---|---|---|
| | | ശ്രീമതി.ഷൈനി മോൾ ,സീനിയർ ക്ലാർക്ക്- 12415<br>ശ്രീമതി വനജ സി, ക്ലാർക്ക്- 13658<br>ശ്രീമതി നിഷ പി, ക്ലാർക്ക്- 11519<br>ശ്രീ.ബാബു പിസി ക്ലാർക്ക് - 14496<br>ശ്രീ.സജീവ് ടി ഒ.എ - 16479<br>ശ്രീ.രാജ് മോഹൻ കെവി ഒ.എ , - 15451 |

<u>നാലാം ഗഡു</u>

| വൗച്ചർ നമ്പർ/തീയ്യതി | തുക | റിമാർക്സ് |
|---|---|---|
| 21800536/8.10.18 | 1,72,255 | ശ്രീ.രമേഷ് പി, അസി.സെക്രട്ടറി - 22617<br>ശ്രീമതി .അജിത കെ. ജൂനിയർ സൂപ്രണ്ട് - 17971<br>ശ്രീ.ജയകുമാർ എ.കെ. വി, അക്കൗണ്ടന്റ് -15459<br>ശ്രീ. ജോസ്, സീനിയർ ക്ലാർക്ക്- 19657<br>ശ്രീ. ഗംഗാധരൻ സീനിയർ ക്ലാർക്ക് - 15498<br>ശ്രീമതി.ഷൈനി മോൾ, സീനിയർ ക്ലാർക്ക്- 11975<br>ശ്രീമതി വനജ സി, സീനിയർ ക്ലാർക്ക്- 13175<br>ശ്രീമതി നിഷ പി, സീനിയർ ക്ലാർക്ക്- 11112<br>ശ്രീ.ബാബു പിസി, ക്ലാർക്ക് - 13984<br>ശ്രീ.സജീവ് ടി, ഒ.എ - 15900<br>ശ്രീ.രാജ് മോഹൻ കെവി, ഒ.എ - 14907 |

വർദ്ധിച്ച അടിസ്ഥാന ശമ്പളത്തിന് ആനുപാതികമായ നിരക്കിൽ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയ വിവരം അറിയിക്കേണ്ടതാണ്. വിശദീകരണം ആരാഞ്ഞു നല്കിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.07/24.10.2019 ന അടിസ്ഥാന ശമ്പള വർദ്ധനവിന്റെ 15% തുക പെൻഷൻ കോൺട്രിബ്യൂഷനായി അടവാക്കുന്നതാണെന്നറിയിച്ചു. വിശദാംശം ലഭ്യമാക്കേണ്ടതാണ്.

## <u>ഭാഗം – 2</u>

വരവ് – വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

ഇല്ല

## <u>ഭാഗം – 3</u>

ചെലവ് – വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

ഇല്ല

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2018-19 | 19.7.2019 മുതൽ 20.7.2019 വരെ | കെ.എസ്.എ.എം.പി.എം. 14/752/2019 തിയതി.24.08.2019 |

## 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പ്രാരംഭ ബാക്കി | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 394406 | | പ്രോ.നം-36/18-19 ലൈഫ് ഭവന പദ്ധതി (ജനറൽ) | 394406 | 0 |
| | 200000 | | പ്രോ.നം-106/18-19 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 200000 | 0 |
| ആകെ | 594406 | | | 594406 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 100000 | | പ്രോ.നം.60/18-19 അംഗൻവാടി പോഷകാഹാരം(എസ് സി) | 100000 | 0 |
| | 150000 | | പ്രോ.നം-106/18-19 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 150000 | 0 |
| | 200000 | | പ്രോ.നം.98/18-19 പരിരക്ഷ പാലിയേറ്റീവ് പരിചരണം | 200000 | 0 |
| | 100000 | | പ്രോ.നം.56/18-19 അംഗൻവാടി പോഷകാഹാരം(ജനറൽ) | 100000 | 0 |
| | 60000 | | പ്രോ.നം.37/18-19 പാലിന് സബ്സിഡി നൽകൽ | 60000 | 0 |
| | 514200 | | പ്രോ.നം-36/18-19 ലൈഫ് ഭവന പദ്ധതി (ജനറൽ) | 514200 | 0 |
| | 352000 | | പ്രോ.നം-124/18-19 | 102000 | 250000 |

| | | | | | |
|---|---|---|---|---|---|
| | | | വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം (ടി എസ് പി) | | |
| ആകെ | 1476200 | | | 1226200 | 250000 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ /ബില്ല്/ ചെക്ക് നം. | മുൻകൂർ നല്കിയ തുക | ചെല വഴിച്ച തുക | പൂർത്തീ കരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ അതോറിറ്റി | പ്രോജക്റ്റ് നമ്പർ.59/18-19 കെ ടി പാറ അംഗൻവാടിക്ക് കുഴൽ കിണറും മോട്ടോറും | 18152052000100932460 തിയ്യതി 13.12.2018 | 91000 | 91000 | പൂർത്തീ കരിച്ച | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ വായ്പാ തിരിച്ചടവ്

| വായ്പയുടെ ഉദ്ദേശം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവനപദ്ധതി | G O(MS) 111 /2018/ LSGD,Dt.13.08.18 | 1340992 | 0 | | | 1340992 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 3-1 | 2007-08 | --- | ഡെപ്പോസിറ്റ് വർക്ക് ബാക്കി തുക തിരികെ ലഭിച്ചില്ല | നടപടി തുടരുന്നു |
| 2011-12, 2012-13 | 3-1 | 2015-16 | --- | അക്കൗണ്ടിംഗ് സമ്പ്രദായം | നടപടി തുടരുന്നു |
| ,, | 3-2 | ,, | --- | വെള്ളക്കരം അവലോകനം | നടപടി തുടരുന്നു |
| 2014-15 | --- | 2016-17 | 2(1),<br>2(2) | തൊഴിൽ നികുതി അപാകങ്ങൾ<br>വസ്തുനികുതി ഈടാക്കിയതിൽ 10698/- രൂപയുടെ കുറവ്. | നടപടി തുടരുന്നു |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

<u>എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക</u>

ഇല്ല

<u>ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക</u>

ഇല്ല

<u>സർചാർജ്ജ് നടപടി വഴി ഈടാക്കാനവശേഷിക്കുന്ന തുക</u>

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 107329412.95 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 67501878 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2433873 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 92555 | ശ്രീ അബു ഫൈസൽ (സെക്രട്ടറി) |
| 1-20 | 1779295 | ശ്രീ സൈയ്തലവി പി (ഹെഡ്മാസ്റ്റർ) |
| 1-21 | 41550 | ശ്രീ സൈയ്തലവി പി (ഹെഡ്മാസ്റ്റർ) |
| 1-22 | 300000 | ഡോ.ജിഷ നഹാർ മുസ്തഫൻ<br>(മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)) |
| 1-23 | 220473 | ശ്രീ പ്രഭാകരൻ പരി (സെക്രട്ടറി) |
| ആകെ | 2433873 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം
ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ അബു ഫൈസൽ | സെക്രട്ടറി | പി കെ ഹൗസ്, ആനപ്പാറ,<br>കടക്കൽ പി ഒ, ആലപ്പുഴ. |
| ശ്രീ സൈയ്തലവി.പി | ഹെഡ്മാസ്റ്റർ | തയ്യിൽ ഹൗസ്, തുറക്കൽ മിസ്രി,<br>നറുകര (പിഒ) മഞ്ചേരി |
| ഡോ.ജിഷ നഹാർ മുസ്തഫൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | സോഹ ഹൗസ്,<br>ഹൗസ് നം. 5/189 ബി, നിയർ മോഡേൺ ഇൻഡസ്ട്രീസ്, ചേനപ്പുറം, എടരിക്കോട്. |
| ശ്രീ പ്രഭാകരൻ പരി | സെക്രട്ടറി | പരി വീട്, ഒതുക്കുങ്ങൽ പി ഒ,<br>മലപ്പുറം. |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും | തീർപ്പാക്കാൻ |
|---|---|---|

| വർഷം | ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 200 2-03 | കെ.എസ്.എ.എം.പി.എം.14/1036/18 തിയ്യതി 14.06.2018 | 2 |
| 2003-04 | കെ.എസ്.എ.എം.പി.എം.14/1036/18 തിയ്യതി 14.06.2018 | 7 |
| 2004-05 | കെ.എസ്.എ.എം.പി.എം.14/1036/18 തിയ്യതി 14.06.2018 | 1 |
| 2005-06 | എൽ എഫ് എം 14/2562/2011 തിയ്യതി 24.02.2010 | 12 |
| 2006-07 | എൽ എഫ് എം 14/668/10 തിയ്യതി 23.05.2011 | 25 |
| 2007-08 | എൽ എഫ് എം 14/1021/2011 തിയ്യതി 19.11.2011 | 12 |
| 2008-09to2010-11 | എൽ എഫ് എം 14/195/2013 തിയ്യതി 01.06.2013 | 27 |
| 2011-12, 2012-13 | കെ എസ് എ എം പി എം 14/3096/15 തിയ്യതി 04.07.2018 | 19 |
| 2013-14,2014-15 | കെ.എസ്.എ.എം.പി.എം.14/2140/16 തിയ്യതി 03.06.2017 | 6 |
| 2015-16 | കെ.എസ്.എ.എം.പിഎം.14/3000/16 തീയതി 06.02.2018 | 3 |
| 2016-17 | കെ.എസ്.എ.എം.പിഎം.14/1785/17 തീയതി 22.06.2018 | 14 |
| 2017-18 | കെ.എസ്.എ.എം.പിഎം.14/222/19 തീയതി 01.06.2019 | 19 |

ഡെപ്യൂട്ടി ഡയറക്ടർ
മലപ്പുറം

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.എം.പി.എം.9/1179/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

പിൻ-676505 ഫോൺ:04832734951

dompm.ksad@kerala.gov.in

തിയ്യതി: 06/08/2019

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയത്തിലെ 215-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ കണ്ണമംഗലം ഗ്രാമപഞ്ചായത്തിന്റെ 31.03.2019 – ൽ അവസാനിച്ച വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കണ്ണമംഗലം ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യസ്റ്റേറ്റ്മെന്റ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**

**ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.**